സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.3001/21/മിസ്.എ

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 20/07/2021

## സർക്കുലർ

വിഷയം:- കുടിശ്ശിക ബിൽ ചെലവെഴുതുന്നത് -സംബന്ധിച്ച്
സൂചന:- 15/9/2020 ലെ ആർ.ഒ.സി.2315/2020/മിസ്.ബി. നമ്പർ സർക്കുലർ

ജീവനക്കാരുടെ അർഹമായ ശമ്പളം, അലവൻസുകൾ (അവധി ശമ്പളം ഉൾപ്പെടെ) തുടങ്ങിയവ സംബന്ധിച്ച് രണ്ട് വർഷത്തിൽ കൂടുതലുള്ള കാലയളവിലെ കുടിശ്ശിക ബില്ലുകൾ ചെലവെഴുതുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഈ ആഫീസിൽ നിന്നും സൂചന സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. സർവ്വീസ് പുസ്തകം അടക്കമുള്ള രേഖകൾ ഇക്കാര്യത്തിനായി അയച്ചു തരാറുണ്ട്. എന്നാൽ പ്രസ്തുത നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഇനിമുതൽ കുടിശ്ശിക ബില്ലുകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ ജാഗ്രതയോടെ തയ്യാറാക്കി ബന്ധപ്പെട്ട ആഡിറ്റ് ആഫീസർ/ഫിനാൻസ് കമ്മീഷണർ അർഹത പരിശോധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയശേഷം സേവന പുസ്തകം ഒഴിവാക്കി ബില്ലുകൾ മാത്രം അനുവാദത്തിനായി ഈ ആഫീസിലേയ്ക്ക് അയച്ചാൽ മതിയാകുന്നതാണ്.

സൂചന സർക്കുലറിലെ മറ്റ് വ്യവസ്ഥകൾ ബന്ധപ്പെട്ടവർ കർശ്ശനമായി പാലിക്കേണ്ടതാണ്.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2) ഫിനാൻസ് കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3) ദേവസ്വം അക്കൗണ്ട്സ് ആഫീസർ
4) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
5) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
6) എല്ലാ അസിസ്റ്റന്റ് ആഡിറ്റ് ആഫീസർമാർക്കും
7) ഇ.ഡി.പി സെക്ഷൻ
8) സെക്ഷൻ ഫയൽ